"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 12513/2024 നമ്പർ റിട്ട് പെറ്റീഷനിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ. 138/2013 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1671/2024/LSGD തീയതി, തിരുവനന്തപുരം, 10-09-2024**

---

പരാമർശം:-

1. സ.ഉ. (പി) നം. 32/2019/ധന, തീയതി 18/03/2019.
2. ബഹു. കേരള ഹൈക്കോടതിയുടെ 12513/2024 നമ്പർ റിട്ട് പെറ്റീഷനിലെ 04/07/2024 തീയതിയിലെ ഉത്തരവ്.
3. തിരുവനന്തപുരം അഡീഷണൽ (എൽ.എ.) യൂണിറ്റ് സ്പെഷ്യൽ തഹസിൽദാരുടെ 30/07/2024 തീയതിയിലെ എ3/2514/23 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 08/08/2024 തീയതിയിലെ എ3/3050/2023/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടു പാളയം റോഡിന്റെ വികസനത്തിനായി 0.72 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമ ശ്രീ. രാജേന്ദ്രൻ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 138/2013 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,28,24,562/- രൂപ (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി ഇരുപത്തിനാലായിരത്തി അഞ്ഞൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2). തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 703/2 (L.A. Re.Sy.No.703/3)-ൽ ഉൾപ്പെട്ടതും ശ്രീ. രാജേന്ദ്രൻ എന്നയാളുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.72 ആർ ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 138/2013 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (2) ഉത്തരവ് പ്രകാരം 4 മാസത്തിനകം വിധിത്തുക കെട്ടിവയ്ക്കുന്നതിനുള്ള വിധി ഉണ്ടായിട്ടുള്ളതാണെന്നും ആയതിനാൽ നാളതീകരിച്ച

കണക്കുവിവരപ്പട്ടിക പ്രകാരമുള്ള തുക അടിയന്തരമായി ലഭ്യമാക്കണമെന്ന് അഡീഷണൽ (എൽ.എ) യൂണിറ്റ് തഹസിൽദാർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടു പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 703/2 (L.A. Re. Sy.No.703/3)-ൽ ഉൾപ്പെട്ടതും ശ്രീ. രാജേന്ദ്രൻ (ആനന്ദ ഭവൻ, റ്റി.സി. നം. 28/1785, തകരപ്പറമ്പ്, തിരുവനന്തപുരം) എന്നയാളുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.72 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 138/2013 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,28,24,562/- രൂപ (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി ഇരുപത്തിനാലായിരത്തി അഞ്ഞൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. രാജേന്ദ്രന് (ആനന്ദ ഭവൻ, റ്റി.സി. നം. 28/1785, തകരപ്പറമ്പ്, തിരുവനന്തപുരം) '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. രാജേന്ദ്രൻ, ആനന്ദ ഭവൻ, റ്റി.സി. നം. 28/1785, തകരപ്പറമ്പ്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/172/2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 10-09-2024 17:23:09
സെക്ഷൻ ഓഫീസർ